# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 15 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വാടാനപിള്ളിയിലെ പെൺകുട്ടിയുടെ മരണം അന്വേഷിക്കും: വനിതാ കമ്മീഷൻ

വാടാനപ്പിള്ളിയിൽ പെൺകുട്ടി മരിച്ചതിൽ ദുരൂഹതയുണ്ടെന്ന ആരോപണത്തിൽ അന്വേഷണം നടത്തുമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ എം.സി. ജോസഫൈൻ പറഞ്ഞു. തൃശൂർ ടൗൺഹാളിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിൽ സംസാരിക്കുകയായിരുന്നു അവർ. അതിരപ്പിള്ളി മേഖലയിൽ ബാല്യവിവാഹം നടന്നുവെന്ന സംശയത്തിലും അന്വേഷണം നടത്തുമെന്ന് അവർ പറഞ്ഞു. ഗാർഹിക പീഡനം സംബന്ധിച്ച തൃശൂർ സ്വദേശിയായ യുവതിയുടെ പരാതിയിൽ ഭർത്താവും കുടുംബവും വാങ്ങിയ 57 പവൻ സ്വർണം തിരികെ നൽകാൻ കമ്മീഷൻ നിർദേശിച്ചു.

വരടിയത്തെ സ്വകാര്യ കമ്പനിയിൽ 4 സ്ത്രീ തൊഴിലാളികളെ 55 വയസിൽ ജോലിയിൽനിന്ന് പിരിച്ചുവിട്ടുവെന്നും വിരമിക്കൽ പ്രായം 58 ആക്കണമെന്നുമുള്ള പരാതിയിൽ ലേബർ കമ്മീഷ്ണറോട് റിപ്പോർട്ട് തേടും. റിപ്പോർട്ട് ലഭിച്ചതിനുശേഷമുള്ള സിറ്റിങ്ങിൽ തൊഴിലുടമ ഹാജരാകണമെന്ന് കമ്മീഷൻ നിർദേശിച്ചു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് നടക്കാൻ സാധിക്കാത്ത അമ്മയെ മകൻ സംരക്ഷിക്കുന്നില്ലെന്ന പരാതിയിൽ വൃദ്ധയ്ക്ക് പ്രതിമാസം 3000 രൂപ നൽകാൻ മകനോട് കമ്മീഷൻ ആവശ്യപ്പെട്ടു. ഇതുസംബന്ധിച്ച് നിയമപരമായ ഇടപെടലിന് ലീഗൽ അതോറിറ്റിയെ ചുമതലപ്പെടുത്തി.

സ്ത്രീകൾക്കെതിരായ സൈബർ അക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണെന്നും ഇതിനെതിരെ കർശനമായ നടപടികൾ ആവശ്യമാണെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു. സൈബർ മേഖലയിലെ കുറ്റകൃത്യങ്ങൾ സംബന്ധിച്ച അവബോധം സ്ത്രീകളിൽ ഉണ്ടാക്കുന്നതിനായി കമ്മീഷൻ അവബോധ ക്ലാസുകൾ ഉൾപ്പടെയുള്ളവ സംഘടിപ്പിച്ചുവരികയാണെന്നും കമ്മീഷൻ പറഞ്ഞു. 127 പരാതികളാണ് കമ്മീഷൻ പരിഗണിച്ചത്. ഇതിൽ 38 എണ്ണം തീർപ്പാക്കുകയും 4 എണ്ണം വകുപ്പുതല റിപ്പോർട്ടുകൾ ലഭിക്കുന്നതിന് മാറ്റിവെയ്ക്കുകയും 85 എണ്ണം അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിന് മാറ്റുകയും ചെയ്തു. കമ്മീഷൻ അംഗങ്ങളായ ഷിജി ശിവജി, ഇ.എം. രാധ എന്നിവരും അദാലത്തിൽ പങ്കെടുത്തു.

## അതിജീവനത്തിന് പുതിയ ഏടുകൾ തുന്നിച്ചേർത്ത് ജില്ലാ ലൈബ്രറി കൌൺസിൽ

പ്രളയം സാംസ്കാരിക തലസ്ഥാനമായ തൃശൂരിലെ ഗ്രാമീണ വായനശാലകളെ സാരമായാണ് ബാധിച്ചത്. ഗ്രാമജീവിതത്തിന്റെ അറിവിന്റെ അക്ഷരവെളിച്ചം പകർന്ന ഗ്രാമീണ ഗ്രന്ഥാലയങ്ങളിൽ 4 എണ്ണം പൂർണ്ണമായും 13 എണ്ണം ഭാഗികകമായും നശിച്ചു. തൃശൂർ താലൂക്കിലെ എട്ടുമന ഗ്രാമീണ വായനശാലയിൽ 10 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത്.

താലൂക്ക് അടിസ്ഥാനത്തിൽ തൃശൂർ 4, ചാലക്കുടി 3, മുകുന്ദപുരം 3, കൊടുങ്ങല്ലൂർ 3, ചാവക്കാട് 3, തലപ്പിള്ളി 1 എന്നിങ്ങനെ 17 വായനശാലകളിൽ പുസ്തകങ്ങൾ, ഫർണിച്ചറുകൾ, കംപ്യൂട്ടറുകൾ, മൈക്ക്, അലമാര, കസേരകൾ, ഇൻവർട്ടറുകൾ, മോഡം തുടങ്ങിയവ വെള്ളത്തിലൊലിച്ചു പോയി. പുനരുപയോഗ്യമല്ലാതായി. കെട്ടിടങ്ങൾക്കും തകരാറുമുണ്ടായി. 41 ലക്ഷം രൂപയുടെ നാശനഷ്ടങ്ങളാണ് ആകെ രേഖപ്പെടുത്തിയത്. ജില്ലാ ലൈബ്രറി കൗൺസിലിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ നാശനഷ്ടങ്ങൾ നേരിട്ട മുഴുവൻ വായനശാലകൾക്കും പുസ്തകങ്ങളും ആവശ്യം വസ്തുക്കളും നൽകി. പൂർണ്ണമായും നശിച്ചതും ഭാഗികമായി കേടുവന്നതുമായ എല്ലാവായനശാലകളും വളരെ വേഗത്തിൽ പുനരുദ്ധരിച്ച് നാട്ടുകാർക്ക് തുറന്നു കൊടുത്തു. ലൈബ്രറി കൗൺസിലിന് പുറമെ കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പുസ്തക പ്രസാധകർ, സന്നദ്ധ സംഘടനകൾ എന്നിവരും പുസ്തകങ്ങൾ നൽകി സഹായിച്ചു. ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക് 15 ലക്ഷം രൂപ സംഭാവനയും നൽകി. എട്ടുമനഗ്രാമീണവായനശാല, ചാലക്കുടി റിപ്പബ്ലിക് ലൈബ്രറി എന്നിവിടങ്ങളിലെക്കു 1500 പുസ്തകങ്ങൾ വീതവും, വൈലൂർ സഖാവ് സ്മാരക വായനശാല, പൊയ്യ മഠത്തുംപടി ഗ്രാമീണവായനശാല -1000, പീടികപ്പറമ്പ് നവസാംസ്കാര സാഹിതി, മുല്ലിയം പബ്ലിക് ലൈബ്രറി - 750 വീതവും, കുറുമ്പിലാവ് യുവധാര, നടുവിൽ കൃഷ്ണേട്ടൻ സ്മാരക വായനശാല, കാട്ടൂർ പി എം അലി സ്മാരക വായനശാല എന്നിവിടങ്ങളിലേക്ക് 250 വീതവും, അപ്പൻതമ്പുരാൻ സ്മാരക വായനശാല അയ്യൻദോൽ, എട്ടുമന ഗ്രാമീണ വായനശാല, പോട്ടോർ സംഗം റിക്രീഷൻ സെന്റർ ലൈബ്രറി , വെന്മനാട് വി എസ് കേരളീയൻ ഗ്രന്ഥശാല നടുവിൽ കൈരളി വായനശാല, കരുവന്നൂർ, അന്നനാട്, നന്തിക്കര, സർദാർ, പണ്ഡിറ്റ് കറുപ്പൻസ്മാരക വായനശാല ആനാപ്പുഴ എന്നിവിടങ്ങളിലേക്ക് 100 പുസ്തകങ്ങൾ വീതവും നൽകി ലൈബ്രറി കൗൺസിൽ വായനശാലകളെ അതിജീവനത്തിനു പ്രാപ്തമാക്കി.

# പ്രാപ്തമായ നാട് പര്യാപ്തമായ നാട്ടിക:
# വികസന പദ്ധതികളുമായി നാട്ടിക പഞ്ചായത്ത്

നാട്ടിക ഗ്രാമപഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ നാട്ടികയുടെ സമസ്ത മേഖലയുടെയും സമഗ്രമായ ക്ഷേമവും വികസനവും മുൻനിർത്തി ജനകീയ ചർച്ചാമേള സംഘടിപ്പിച്ചു. ഉന്നം പ്രാപ്തമായ നാട്,പര്യപ്തമായ നാട്ടിക എന്ന പേരിൽ നാട്ടികയുടെ നാനാതുറയിലുമുള്ള കുറവുകൾ പരിഹരിച്ച് എല്ലാവിഭാഗങ്ങളിലും വികസനം ലക്ഷ്യമിടുന്ന പദ്ധതിയിൽ പഞ്ചായത്തിലെ ഓരോ ജനങ്ങളും പങ്കാളികളാകും. വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമായ ചർച്ചാമേള നാട്ടുകാരനും ലോകവ്യവസായിയുമായ പത്മശ്രീ ഡോ. എം എ യൂസഫലി ഉദ്ഘാടനം ചെയ്തു. എം പി ടി എൻ പ്രതാപൻ, എം എൽ എ ഗീതഗോപി,പഞ്ചായത്ത് പ്രസിഡന്റ് പി വിനു,ആസൂത്രണ സമിതി വൈസ് ചെയർമാൻ അനിൽ പുളിക്കൽ, പഞ്ചായത്ത്, ബ്ലോക്ക് പ്രത്നിധികൾ, ഉദ്യോഗസ്ഥർ പഞ്ചായത്ത് നിവാസികൾ എന്നിവർ പങ്കെടുത്തു.

വിവിധ വകുപ്പുകളെ പ്രതിനിധീകൾ ചർച്ചയിൽ പങ്കെടുത്തു. കാർഷികരംഗത്ത് നടപ്പിലാക്കേണ്ട പ്രവർത്തികൾ നാട്ടിക കൃഷി ഓഫീസർ പ്രീത കെ ആർ അവതരിപ്പിച്ചു. ഭക്ഷ്യസുരക്ഷ, ജൈവകാർഷിക രീതി വ്യാപിപ്പിക്കൽ,ജൈവകീടനിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ച് കൃഷി ചെയ്യൽ, വാർഡിൽ 10 വീതം തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുക, നാളികേരസംഭരണം , കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ , സമഗ്രകൃഷി വികസന പദ്ധതി, ഇടവിളകൃഷി,സംയോജിത കൃഷി, മാതൃകാ പുരയിടത്തോട്ടങ്ങൾ വികസിപ്പിക്കുക, മണ്ണ് പരിശോധനയിലൂടെ ഫലഭൂയിഷ്ടി വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ദിപ്പിക്കുക എന്നിങ്ങനെ 52 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് കാർഷികരംഗത്ത് പ്രാവർത്തികമായി നടപ്പിലാക്കേണ്ടത്. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെഭാഗമായി പബ്ലിക് ഹെൽത്ത് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മരുന്നുകൾ സൂക്ഷിക്കാനുള്ള എ സി ഫാർമ്മസി സ്റ്റോർ, ഫിസിയോതെറാപ്പി സൗകര്യങ്ങൾ എന്നിവയാണ് ആരോഗ്യരംഗത്തെ നിർദ്ദേശങ്ങൾ. പബ്ലിക് ഹെൽത്ത് സെന്ററിലെ ചാർജ്ജ് ഓഫീസർ ഡോ.രാഗി പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ആയുർവേദ രംഗത്ത് ഹൈടെക് ലാബ്,ഡയാലിസിസ് യൂണിറ്റ് നിർമ്മാണം എന്നിവ ഡോ. അഭി

ലാഷ് അവതരിപ്പിച്ചു. വ്യവസായരംഗത്ത് എൽ ഇ ഡി ബൾബുകളുടെ നിർമ്മാണം, സോളാർ എനർജി, ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, ബസ്സ് സ്റ്റാന്റിൽ ഉപയോഗശൂന്യമായ കെട്ടിടം നവീകരിച്ച് മിനിഹാൾ ആക്കിമാറ്റുക എന്നീ നിർദ്ദേശങ്ങൾ മുൻ പഞ്ചായത്ത് മെമ്പർ ടി കെ പ്രസാദ് അവതരിപ്പിച്ചു. എല്ലാ അംഗനവാടികളും ഹൈടെക് ആക്കി ഉയർത്തുക, 4 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം എന്നിവ ഐ സി ഡി എസ് സൂപ്പർവൈസർ കെ പി ഷീന നിർദ്ദേശിച്ചു.

ഉന്നം പദ്ധതിക്ക് പിന്തുണ പ്രഖ്യാപിച്ച് എം എ യൂസഫലി നാട്ടിക നിവാസികളായ 50 പേർക്ക് പഞ്ചായത്ത് സ്ഥലം നൽകുകയാണെങ്കിൽ വീടും കുട്ടികൾക്ക് പാർക്കും നിർമ്മിച്ച് നൽകുമെന്ന് പ്രഖ്യാപിച്ചു. പദ്ധതി യാഥാർത്ഥമാകുന്നതോടെ നാട്ടിക സമ്പൂർണ്ണ വികസിത പഞ്ചായത്ത് ആയി മാറും. വിദ്യാഭ്യാസ മേഖലയിൽ 12 സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുയർത്തുക, ലൈബ്രെറി ഹാൾ, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജമാക്കുക, സ്കൂൾ ബസ് കളുടെ എണ്ണം വർധിപ്പിക്കുക, എന്നിവയും സാംസ്കാരികമേഖലയിൽ സാംസ്കാരിക നിലവാരമുയർത്തുവാനാവശ്യമായ പരിപാടികൾ പഞ്ചായത്ത് സംഘടിപ്പിക്കുക, ദുരിതമനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുക എന്നിങ്ങനെ യുള്ള നിർദേശങ്ങളും ചർച്ചയിൽ ഉരുത്തിരിഞ്ഞു.

## ടെണ്ടർ

ഈ സാമ്പത്തിക വർഷം മുല്ലശ്ശേരി ഐസിഡിഎസ് പ്രോജക്ടിലെ അങ്കണവാടികളിൽ എൽഇഡി ടിവി വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30 വൈകീട്ട് മൂന്ന് മണി. ഫോൺ : 0487-2265570.

## സ്പോട്ട് അഡ്മിഷൻ

ഈ അദ്ധ്യയന വർഷത്തെ ഡിഎൽഎഡ് (ടിടിസി) പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 19 രാവിലെ 11 ന് അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നടത്തും. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടും പ്രവേശനം ലഭിക്കാത്തവർക്കാണ് മുൻഗണന. ഫോൺ : 0487-2360810.

## പമ്പ് ഓപ്പറേറ്റർ നിയമനം

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. പ്ലംബർ ട്രേഡിലുള്ള എൻടിസി ആണ് യോഗ്യത. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം ജൂലൈ 20 ഉച്ചയ്ക്ക് ഒരു മണിക്ക് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2200315, 2200317.

## അമൃതം കർക്കിടം ഭക്ഷ്യമേള ജൂലൈ 17 മുതൽ 24 വരെ

തൃശൂർ കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അമൃതം കർക്കിടം ആരോഗ്യ ഭക്ഷ്യമേള ജൂലൈ 17 രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്യും. അയ്യന്തോൾ സിവിൽ സ്റ്റേഷൻ അങ്കണം, ചെമ്പൂക്കാവ് അഗ്രോ ഹൈപ്പർ ബസാർ, മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് കാന്റീൻ, ജില്ലയിലെ 50 ഓളം ഗ്രാമപഞ്ചായത്ത്/നഗരസഭ സിഡിഎസ്സുകളിലായി ജൂലൈ 17 മുതൽ 24 വരെ രാവിലെ 11 മണി മുതൽ വൈകീട്ട് 7 മണി വരെയാണ് മേള. വിവിധ തരം ഔഷധ കഞ്ഞികളും പത്തിലകറികളും കർക്കിട വിഭവങ്ങളും മേളയിൽ ലഭ്യമാണ്. പാഴ്സൽ കൊണ്ടുപോകുന്നതിനുള്ള സൗകര്യമുണ്ട്. ഫോൺ : 0487-2362517.

## കരാർ നിയമനം

തൃശൂർ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയിൽ ഡിസ്ട്രിക്ട് ടെക്നോളജി മാനേജർ, ബ്ലോക്ക് ടെക്നോളജി മാനേജർ എന്നീ തസ്തികളിൽ നിയമനം നടത്തുന്നു. അഗ്രികൾച്ചർ, വെറ്റിനറി, ഫിഷറീസ്, ഡയറി ടെക്നോളജി, അഗ്രികൾച്ചർ എഞ്ചിനീയറിങ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റയും പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

സഹിതം ചെമ്പൂക്കാവ് അഗ്രികൾച്ചറൽ കോംപ്ലക്സിൽ ഓഗസ്റ്റ് രണ്ട് രാവിലെ 10.30 ന് അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2332048.

## ക്വട്ടേഷൻ

എളനാട് പ്രാഥമിക ആരോഗ്യകേന്ദ്രം ലാബ് പ്രവർത്തനത്തിന് ആവശ്യമുള്ള സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 29 വൈകീട്ട് നാല് മണി. ഫോൺ : 04884-288574.

## വനഗവേഷണകേന്ദ്രത്തിൽ ഒഴിവുകൾ

പീച്ചി കേരള വനഗവേഷണകേന്ദ്രത്തിൽ ജൂനിയർ റിസർച്ച് ഫെല്ലോ, പ്രോജക്ട് ഫെല്ലോ, പ്രോജക്ട് അസിസ്റ്റന്റ് എന്നീ തസ്തികളിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി, പ്ലാന്റ് സയൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് ജൂനിയർ റിസർച്ച് ഫെല്ലോയുടെ യോഗ്യത. ബോട്ടണി, പ്ലാന്റ് സയൻസ്, ബയോടെക്നോളജി, വൈൽഡ് ലൈഫ് സയൻസ്, സുവോളജി, ഫോറസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് പ്രോജക്ട് ഫെല്ലോയുടെ യോഗ്യത. ബോട്ടണിയിലുള്ള ബിരുദമാണ് പ്രോജക്ട് അസിസ്റ്റന്റിന്റെ യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം രാവിലെ 10 ന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ജൂലൈ 23 ന് ജൂനിയർ റിസർച്ച് ഫെല്ലോയ്ക്കും ജൂലൈ 22, 24, 26 എന്നീ തീയതികളിൽ പ്രോജക്ട് ഫെല്ലോയ്ക്കും ജൂലൈ 25 ന് പ്രോജക്ട് അസിസ്റ്റന്റിനുമാണു അഭിമുഖം. ഫോൺ : 0487-2690100.

## ദർഘാസ്

മുല്ലശ്ശേരി ഐസിഡിഎസ് പ്രോജക്ടിൽ ഈ സാമ്പത്തിക വർഷം അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു നൽകുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30 വൈകീട്ട് മൂന്ന് മണി. ഫോൺ : 0487-2265570.

## റിലേഷൻഷിപ് കേരള പദ്ധതിയുമായി കൈപ്പമംഗലം പഞ്ചായത്ത്

റിലേഷൻഷിപ് കേരള പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം പഞ്ചായത്തിന്റെ കീഴിലുള്ള പകൽ വീട്ടിലെ ഇരുപതു വയോജന അംഗങ്ങൾക്ക് കുടുംബശ്രീ ജില്ലാ മിഷന്റെയും കാനറ ബാങ്ക് റീജണൽ ഓഫീസിന്റെയും നേതൃത്വത്തിൽ പേപ്പർ ബാഗ് പേപ്പർ പേന നിർമ്മാണ പരിശീലനം കൈപമംഗലം കമ്മ്യൂണിറ്റി ഹാളിൽ നൽകി. റിലേഷൻഷിപ് കേരളയുടെ ഭാഗമായി കൈപ്പമംഗലം സി.ഡി.എസ് പകൽ വീട്ടിലെ വയോജന അംഗങ്ങൾക്ക് പേപ്പർ ബാഗ് പേപ്പർ പേന നിർമ്മാണ പരിശീലന ഉദ്ഘാടനം കൈപ്പമംഗലം പഞ്ചായത്ത് പ്രസിഡണ്ട് ടി.വി.സുരേഷ് ബാബു നിർവഹിച്ചു. കാനറ ബാങ്ക് അഗ്രിക്കൾച്ചർ സെക്ഷൻ മാനേജർ കെ.വി.സൗമ്യ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഖദീജ പുതിയ വീട്ടിൽ, കാനറ ബാങ്ക് ഡിവിഷനൽ മാനേജർ ബി.ബിജു, കൈപ്പമംഗലം ബ്രാഞ്ച് മാനേജർ അബിത് ഹർഷൻ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. കൈപ്പമംഗലം ചെയർപേഴ്സൻ നന്ദി പറഞ്ഞു.

## അക്കാദമി ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള മീഡിയ അക്കാദമി ഫെലോഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്ത് മാധ്യമ പ്രവർത്തനം നടത്തുന്നവർക്കും കേരളത്തിൽ ആസ്ഥാനമുള്ള മാധ്യമങ്ങൾക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമ

പ്രവർത്തകർക്കുംഅപേക്ഷിക്കാം. പതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെ നൽകും. അപേക്ഷകർ ബിരുദധാരികളും മാധ്യമരംഗത്ത് കുറഞ്ഞത് അഞ്ചു വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ളവരായിരിക്കണം. മാധ്യമപഠനവിദ്യാർത്ഥികൾക്കും മാധ്യമപരിശീലന രംഗത്തുള്ള അദ്ധ്യാപകർക്കും അപേക്ഷിക്കാം. വിദ്യാർത്ഥികൾക്ക് പ്രവൃത്തിപരിചയം നിർബന്ധമാണ് അപേക്ഷാഫോറവും നിയമാവലിയും അക്കാദമി വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷയും സിനോപ്സിസും ജൂലൈ 31 നകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682 030 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ : 0484- 2422275.

# വനഭൂമി പട്ടയം : താലൂക്ക് ഓഫീസുമായി ബന്ധപ്പെടണം

വനഭൂമി 1977 ജനുവരി ഒന്നിന് മുമ്പ് കൈയ്യേറിയവർക്ക് പട്ടയം അനുവദിക്കുന്നതിന് 2005 ഡിസംബർ 31 നകം അപേക്ഷ നൽകിയവർ ആവശ്യമായ രേഖകളുമായി ജൂലൈ 31 നകം ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0487-23314433 (തൃശൂർ), 04884-232226 (തലപ്പിള്ളി), 0480-2705800 (ചാലക്കുടി), 0480-2825259 (മുകുന്ദപുരം), 04885-5225700 (കുന്നംകുളം).

# ലൈബ്രറി ഇൻടേൺസ്

തൃത്താല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ അദ്ധ്യയന വർഷത്തേക്ക് ലൈബ്രറി ഇൻടേൺസിനെ താൽക്കാലികമായി നിയമിക്കുന്നു. ബിഎൽഐസി ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ ഇന്ന് (ജൂലൈ 16) രാവിലെ 10 ന് അസ്സൽ സർട്ടിഫിക്കറ്റ് സഹിതം പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0466-2270335, 2270353.

# ഐടിഐ കൗൺസലിങ്ങ്

ചേർപ്പ് ഗവ. ഐടിഐയിലെ ഒന്നാം ഘട്ടം കൗൺസിലിങ് ഇന്ന് (ജൂലൈ 17) നടക്കും. അർഹരായിട്ടുള്ളവരുടെ വിവരംwww.iticherpu.kerala.gov.in. എന്ന ഐടിഐ വെബ് സൈറ്റിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സമയം രാവിലെ 10 മുതൽ 12 വരെ. ഫോൺ : 0487-2270241.

# കരസേനാ റിക്രൂട്ട്മെന്റ് റാലി: യോഗം ചേർന്നു

ജില്ലയിൽ ആഗസ്റ്റ് 28 മുതൽ സ്പെതംബർ 8 വരെ പത്ത് ദിവസങ്ങളിലായി നടത്തുന്ന ആർമി റിക്രൂട്ട്മെന്റ് റാലിയുടെ ഭാഗമായി ജില്ലാ കളക്ടറുടെ ചേമ്പറിൽ പ്രാരംഭഘട്ട യോഗം ചേർന്നു. ഏഴ് വർഷങ്ങൾക്കു ശേഷം ജില്ലയിൽ നടത്തുന്ന റാലി മണ്ണുത്തി വെറ്റിനറി യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽ നടത്തും. ഏകദേശം മുപ്പതിനായിരത്തോളം പരീക്ഷാർത്ഥികൾ പങ്കെടുക്കുന്ന റാലിയിൽ ആവശ്യമായ താമസം, ഗതാഗതം, ടോയ്‌ലറ്റ് മുതലായ പ്രാഥമിക സൗകര്യങ്ങളും ബാരിക്കേടുകൾ, വൈദ്യുതി, ഫയർഫോഴ്സ് ഉൾപ്പെടെയുള്ളള മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് കളക്ടർ എസ്.ഷാനവാസ് അധികൃതർക്ക് നിർദ്ദേശങ്ങൾ നൽകി. കൂടാതെ റാലിയുമായി ബന്ധപ്പെട്ട് നടത്തേണ്ട സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ, ഫിസിക്കൽ ആൻഡ് മെഡിക്കൽ ഫിറ്റ്നസ് ടെസ്റ്റ് മുതലായവക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തും. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 18. കേണൽ റിക്രൂട്ടിംഗ് ഓഫീസർ എസ് നവനി, മേജർ മായന്ത് തോമർ, ജില്ല മെഡിക്കൽ ഓഫീസർ ഡോ. ടി.കെ. അനൂപ്, ആർടിഒ പ്രേംകുമാർ, കെഎസ്ഇബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എ. രജനി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# നവീകരിച്ച ഫ്രണ്ട് ഓഫീസ് ഉദ്ഘാടനം

മാള ഗ്രാമപഞ്ചായത്ത് നവീകരിച്ച ഫ്രണ്ട് ഓഫീസ് പ്രസിഡന്റ് പി കെ സുകുമാരൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗൗരി ദാമോദരൻ അധ്യക്ഷത വഹിച്ചു. വീഡിയോ കോൺഫ്രൻസ് സംവിധാനം ഉൾപ്പെടുത്തി സജ്ജീകരിച്ച മീഡിയ റൂം, മെമ്പർമാർക്കായി പ്രത്യേക ഇരിപ്പിട സൗകര്യം, ജീവനക്കാർക്ക് ഡൈനിങ് ഹാൾ എന്നിവയും പ്രവർത്തനം ആരംഭിച്ചു. മികച്ച സേവനത്തിനുള്ള ഐ എസ് ഒ അംഗീകാരം പഞ്ചായത്തിന് ലഭിച്ചു. വാർഡ് പ്രതിനിധികൾ, ഓഫീസ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# അദാലത്ത് ഇന്ന്

കേരള വനിതാ കമ്മീഷൻ തൃശൂർ ജില്ലാ അദാലത്ത് ഇന്ന് (ജൂലൈ 16) രാവിലെ 10.30 മുതൽ പാലസ് റോഡ് ടൗൺഹാളിൽ നടക്കും.

# സേവന സന്നദ്ധത അറിയിച്ച് ഐഎജി (ഇന്റർ ഏജൻസി ഗ്രൂപ്പ്) കമ്മിറ്റി യോഗം

പ്രളയാനന്തര രക്ഷാപ്രവർത്തനത്തിൽ സജീവമായ ജില്ലയിലെ സന്നദ്ധ സേവന സംഘടനകൾ തുടർന്നും സേവന തത്പ്പരത അറിയിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ എസ്. ഷാനവാസ് അധ്യക്ഷത വഹിച്ചു. യോഗത്തിൽ 50 ഓളം സംഘടനകൾ പങ്കെടുത്തു. പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ഓരോ സംഘടനാ പ്രതിനിധികളും വിശദീകരണം നടത്തി. ഇനിയും ജില്ലയിൽ തങ്ങളുടെ സേവനം ആവശ്യമുണ്ടെങ്കിൽ ഏതു സമയത്തും ഉപയോഗിക്കാമെന്നും സന്നദ്ധ സംഘടനകൾ യോഗത്തിൽ അറിയിച്ചു. ഡിസാസ്റ്റർ മാനേജ്മെൻറ് ഡെപ്യൂട്ടി കളക്ടർ ഡോ. സി റെജിൽ പങ്കെടുത്തു.

# ബ്ലൂ ആർമി ജില്ലാതല ഉദ്ഘാടനം സംഘാടക സമിതിയായി

ബ്ലൂ ആർമി ജില്ലാ തല ഉദ്ഘാടനത്തിന്റെ സംഘാടക സമിതി രൂപീകരണം ചാഴൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ ഉദയ പ്രകാശ് ഉദ്ഘാടനും ചെയ്തു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി. ശ്രീദേവി അദ്ധ്യക്ഷത വഹിച്ചു.താന്ന്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധാകൃഷ്ണൻ, ചാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്യോതി കനകരാജ്, അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി ശ്രീവത്സൻ, അരിമ്പൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹനൻദാസ്, മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജി ശശി എന്നിവർ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ച് ആശംസ നേർന്നു. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ മുഖ്യാതിഥിയായി. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ സിന്ധു പി.ഡി പദ്ധതി നോഡൽ ഓഫീസർ പദ്ധതി വിശദീകരിച്ചു. എസ്.എസ്.എ പ്രോഗ്രാം ഓഫീസർ പ്രകാശ് ബാബു, വിവിധ രാഷ്ട്രീയ പ്രതിനിധികൾ, വിദ്യാഭ്യാസ എ.ഇ.ഒ എന്നിവർ പങ്കെടുത്തു. അന്തിക്കാട് ബ്ലോക്കിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു കുട്ടിക്ക് മഴക്കുഴി-ഒരു വൃക്ഷം എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടും ആ വൃക്ഷത്തിന്റെ ആഴ്ചതോറുമുള്ള വളർച്ച ആ കുട്ടി രേഖപ്പെടുത്തുകയും കിണർ റീചാർജിംഗ് ഇല്ലാത്ത എല്ലാ സ്കൂളുകളിലും കിണർ റീചാർജിംഗ് നടപ്പിലാക്കുന്നതിനും ഉദ്ഘാടന ദിവസം തന്നെ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന 5 പഞ്ചായത്തുകളിലെ 48 വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരേ സമയം പച്ചക്കറിത്തോട്ടങ്ങൾ ആരംഭിച്ച് കൊണ്ട് ജില്ലാ തല ഉദ്ഘാടനം ജില്ലയിലെ മന്ത്രിമാർ , എം.പി മാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ പരിപാടിക്ക് തുടക്കം കുറിച്ചു. ഇതിനായി എം.പി, എം.എൽ.എ ,ജില്ലാ

പഞ്ചായത്ത് അംഗങ്ങൾ രക്ഷാധികാരികളായും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സൺ ആയും ബി.ഡി.ഒ കൗൺസിലർ ആയിട്ടുമുള്ള വിപുലമായ ഒരു സംഘാടക സമിതി രൂപീകരിച്ചു.